**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5413** **21-07-2022 - ൽ മറുപടിയ്ക്ക്**

**സ്പോർട്സ് കേരള ഫൗണ്ടേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ന കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ,ഘടന, ഡയറക്ടർ ബോർഡ് അംഗങ്ങൾ, പ്രവർത്തന മൂലധനം എന്നിവ വ്യക്തമാക്കാമോ; മേൽ കമ്പനി പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ളതാണോ; അറിയിക്കാമോ; | (എ) | **സ്പോർട്സ് കേരള ഫൗണ്ടേഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.**<br><br>• **സംസ്ഥാനത്തെ അടിസ്ഥാന കായിക വികസനം, സ്റ്റേഡിയങ്ങളുടെ നിർമ്മാണം, നടത്തിപ്പ്, പരിപാലനം, സൗകര്യവൽക്കരണം എന്നിവ കൈകാര്യം ചെയ്യുക.**<br>• **സർക്കാർ അനുമതി നൽകിയതും നിലവിൽ കായിക എഞ്ചിനീയറിംഗ് വിങ് നടത്തുന്നതുമായ എല്ലാ പ്രവൃത്തികളും ഏറ്റെടുത്തു നടത്തുക.**<br>• **കായിക യുവജന കാര്യാലയത്തിന് കീഴിലുള്ള ജിമ്മി ജോർജ് സ്പോർട്സ് ഹബ്ബ്, കുമാരപുരം ടെന്നീസ് അക്കാദമി, വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ച്, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെൻററുകൾ, ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ, തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ എന്നീ സ്ഥാപനങ്ങളുടെ നടത്തിപ്പും പരിപാലനവും.**<br>• **കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന ജില്ലാ സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപണികളുടെ ഉത്തരവാദിത്തം.**<br><br>**2013 ലെ കമ്പനീസ് ആക്ടിലെ സെക്ഷൻ 8 പ്രകാരമാണ് സ്പോർട്സ് കേരളാ ഫൗണ്ടേഷൻ രൂപീകരിച്ചിരിക്കുന്നത്. നിലവിൽ സ്പോർട്സ് കേരള ഫൗണ്ടേഷനിൽ 8 ഡയറക്ടർ ബോർഡ് അംഗങ്ങളാണ് ഉള്ളത്. അവരുടെ വിശദാംശങ്ങളും അവർ വഹിക്കുന്ന പദവികളും ചുവടെ ചേർക്കുന്നു.**<br><br>**1. ശ്രീ. വി.അബ്ദുറഹിമാൻ, കായിക വകുപ്പ് മന്ത്രി - ചെയർമാൻ** |

| | | | |
|---|---|---|---|
| | | | **2. ശ്രീ. എം.ശിവശങ്കർ ഐ.എ.എസ്,**<br><br>**കായിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി - വൈസ് ചെയർമാൻ**<br><br>**3. ശ്രീ. പ്രേംകൃഷ്ണൻ എസ്, ഐ.എ.എസ്, കായിക യുവജനകാര്യ ഡയറക്ടർ - മാനേജിങ് ഡയറക്ടർ & സി.ഇ.ഒ**<br><br>**4. ശ്രീ.പ്രദീപ് കുമാർ - ഡയറക്ടർ**<br><br>**5. ശ്രീ.വി.പി.അനിൽ കുമാർ - ഡയറക്ടർ**<br><br>**6. ശ്രീമതി. മേഴ്സി കുട്ടൻ - ഡയറക്ടർ**<br><br>**7. ശ്രീ. മുഹമ്മദ് ആഷിഖ് - ഡയറക്ടർ**<br><br>**8. ശ്രീമതി.ടി.കാഞ്ചന - ഡയറക്ടർ**<br><br>**40 ലക്ഷം രൂപയാണ് കമ്പനിയുടെ പ്രവർത്തന മൂലധനം. സ്പോർട്സ് കേരള ഫൗണ്ടേഷൻ കായികയുവജനകാര്യാലയത്തിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമാണ്.** |
| (ബി) | കിഫ്ബി സഹായത്തോടെ കായിക വകുപ്പിന് കീഴിൽ നടന്നുവരുന്ന വിവിധ സ്റ്റേഡിയങ്ങളുടെ പരിപാലന ചുമതല ഈ കമ്പനിക്കാണോ; നിലവിൽ ഏതെല്ലാം സ്റ്റേഡിയങ്ങളാണ് കമ്പനിയുടെ കീഴിലുള്ളതെന്ന് വ്യക്തമാക്കാമോ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശത്തിലുള്ള സ്റ്റേഡിയങ്ങളുടെ നടത്തിപ്പും പരിപാലനവും ഈ കമ്പനി വഴി നിർവ്വഹിക്കാൻ കഴിയുമോ; വിശദമാക്കാമോ; | (ബി) | **കിഫ്ബി ധനസഹായത്തോടെ എസ്.പി.വി ആയ കിറ്റ്കോ മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികളുടെ നടത്തിപ്പും, പരിപാലനവും സ്പോർട്സ് കേരള ഫൗണ്ടേഷനെ ഏൽപ്പിക്കുന്ന വിഷയം പരിശോധിച്ചു വരികയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശത്തിലുള്ള സ്റ്റേഡിയങ്ങളുടെ നടത്തിപ്പും പരിപാലനവും ഒരു ജോയിന്റ് മാനേജ്മെന്റ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്.** |
| (സി) | പ്രസ്തുത കമ്പനിയുടെ ധനസമാഹരണ മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫണ്ട് വകയിരുത്തുന്നുണ്ടെങ്കിൽ സ്റ്റേഡിയങ്ങളുടെ നടത്തിപ്പും പരിപാലനവും തദ്ദേശസ്ഥാപനങ്ങളെ ഏൽപ്പിക്കുന്നതിന് തടസ്സമുണ്ടോ; വ്യക്തമാക്കാമോ? | (സി) | **കായിക യുവജനകാര്യ ഡയറക്ടറുടെ കീഴിൽ നിലവിൽ പ്രവൃത്തിച്ചു വരുന്ന നാല് സ്റ്റേഡിയങ്ങളുടെ നടത്തിപ്പിലും പരിപാലനത്തിലൂടെയും ലഭിക്കുന്ന തുകയും കായിക എഞ്ചിനീയറിംഗ് വിഭാഗം ഏറ്റെടുത്ത് നടപ്പിലാക്കുന്ന കായിക വകുപ്പിന്റെ പദ്ധതികൾ, എം.എൽ.എ ആസ്തി വികസന പദ്ധതികൾ, മറ്റ് സർക്കാർ-അർദ്ധ സർക്കാർ വകുപ്പുകളുടെ പദ്ധതികൾ എന്നിവ നടപ്പിലാക്കുമ്പോൾ ലഭിക്കുന്ന സെന്റേജ് ചാർജ് എന്നിവയുമാണ് കമ്പനിയുടെ പ്രവർത്തനമൂലധനമായി പ്രതീക്ഷിക്കുന്നത്.**<br><br>**സ്റ്റേഡിയങ്ങളുടെ നടത്തിപ്പും പരിപാലനവും തദ്ദേശസ്ഥാപനങ്ങളുടെ പ്രതിനിധികൾ ഉൾപ്പെടെ അംഗങ്ങളായ മാനേജ്മെന്റ് കമ്മിറ്റിയാണ് നിർവ്വഹിക്കേണ്ടത്.** |

സെക്ഷൻ ഓഫീസർ